## സെന്റ് പോൾസ് കോളേജ് മലയാള വിഭാഗം

## 2020 ജൂൺ മുതൽ ഡിസംബർ വരെയുള്ള പ്രവർത്തന റിപ്പോർട്ട്

<u>വായന ദിനാചരണം 2020</u>

സെന്റ് പോൾസ് കോളേജ് മലയാള വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 2020 ജൂൺ 23 രാവിലെ 11 മണിക്ക് വായന ദിനാചരണം സംഘടിപ്പിച്ചു. കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ ഓൺലൈനായി (ഗൂഗിൾ മീറ്റ്) സംഘടിപ്പിച്ച പരിപാടിയിൽ കോളേജ് പ്രിൻസിപ്പാൾ പ്രൊ. വാലന്റൈൻ ഡിക്രൂസ് അധ്യക്ഷത വഹിച്ചു. അസ്സോസിയേറ്റ് മാനേജർ റവ. ഫാദർ. ജോസഫ് പള്ളിപ്പാസിൽ ഉദ്ഘാടന കർമ്മം നിർവ്വഹിച്ച ചടങ്ങിൽ കോഴിക്കോട് ദേവഗിരി കോളേജ് മലയാള വിഭാഗം മേധാവിയായ റവ.ഫാദർ ഡോ. സുനിൽ ജോസ് മുഖ്യ പ്രഭാഷണം നടത്തി . മലയാള വിഭാഗം മേധാവി ലേഖ എൻ.കെ സ്വാഗതവും നന്ദിയും രേഖപ്പെടുത്തി. രണ്ടാം വർഷ ഗണിത ശാസ്ത്ര വിദ്യാർഥിനി തസ്നിം മുഖ്യ പ്രഭാഷകനായ ഫാ. ഡോ. സുനിൽ ജോസിന്റെ 'ഹുയാൻ സാങ്ങിന്റെ കൂട്ടുകാരി' എന്ന കവിത ചൊല്ലി. പ്രഭാഷണത്തിനു ശേഷം കുട്ടികളുമായി നടത്തിയ സംവാദം വായനാനുഭവങ്ങൾ കൊണ്ടു സമ്പന്നമായി.



**ബഷീർ അനുസ്മരണം 2020**

സെന്റ് പോൾസ് കോളേജ് മലയാള വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 2020 ജൂൺ 23 രാവിലെ 11 മണിക്ക് ബഷീർ അനുസ്മരണം നടത്തി. ഓൺലൈനായി (ഗൂഗിൾ മീറ്റ്) സംഘടിപ്പിച്ച പരിപാടിയിൽ കോളേജ് പ്രിൻസിപ്പാൾ പ്രൊ. വാലന്റൈൻ ഡിക്രൂസ് അധ്യക്ഷത വഹിച്ചു . വൈസ് പ്രിൻസിപ്പാൾ റവ.ഫാദർ സേവ്യർ പടിയാരപ്പറമ്പിൽ ഔപചാരികമായ ഉദ്ഘാടനം നിർവ്വഹിച്ച ചടങ്ങിൽ മലയാള വിഭാഗം മേധാവി ലേഖ എൻ.കെ സ്വാഗതവും മലയാള വിഭാഗം അധ്യാപിക അജ്ന നന്ദിയും രേഖപ്പെടുത്തി. മൂന്നാം വർഷ ആംഗല സാഹിത്യ ബിരുദ വിദ്യാർഥി കെവിൻ ബഷീറിന്റെ തേന്മാവ് എന്ന കഥ അവതരിപ്പിച്ചു.



**<u>സ്വാതന്ത്ര്യദിനാഘോഷം 2020</u>**

സെന്റ് പോൾസ് കോളേജ് മലയാളം, ഇംഗ്ലീഷ്, ഹിന്ദി വിഭാഗങ്ങൾ സംയുക്തമായിട്ടാണ് 2020 ലെ സ്വാതന്ത്ര്യദിനാഘോഷ പരിപാടികൾ സംഘടിപ്പിച്ചത്. കുട്ടികൾക്കായി നടത്തിയ ഓൺലൈൻ ഡിജിറ്റൽ പോസ്റ്റർ തയ്യാറാക്കൽ മത്സരത്തിൽ മലയാളത്തിൽ നിന്നും രണ്ടാം വർഷ വാണിജ്യ ശാസ്ത്ര ബിരുദ വിദ്യാർഥി അലീഷ പീറ്റർ ഒന്നാം സ്ഥാനവും, മൂന്നാം വർഷ ആംഗല സാഹിത്യ ബിരുദ വിദ്യാർഥി നീഹാര കൃഷ്ണൻകുട്ടി രണ്ടാം സ്ഥാനവും കരസ്ഥമാക്കി.






ഗാന്ധിജയന്തി ദിനാചരണം 2020

സെന്റ് പോൾസ് കോളേജ് മലയാളം വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 2020 ഒക്ടോബർ രണ്ടിന് ഗാന്ധിജയന്തി ദിനാചരണം നടത്തി. 'അടിസ്ഥാന വിദ്യാഭ്യാസം മാതൃഭാഷയിലൂടെ – ഗാന്ധിയൻ ദർശനങ്ങളെ മുൻനിർത്തി ഒരു അവലോകനം' എന്ന വിഷയത്തിൽ നടത്തിയ ഉപന്യാസ മത്സരത്തിൽ രണ്ടാം വർഷ സാമ്പത്തിക ശാസ്ത്ര ബിരുദ വിദ്യാർഥികളായ ലിജിന ജോൺ, ശ്രീക്കുട്ടി യു. എന്നിവർ യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കി.







മാതൃഭാഷാ വാരാചരണം 2020

സെന്റ് പോൾസ് കോളേജ്, മലയാള വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ കേരളപ്പിറവി ദിനാഘോഷവും മാതൃഭാഷാ വാരാചരണവും സംഘടിപ്പിച്ചു. വിദ്യാർഥികൾക്കായി സാഹിത്യ മത്സരങ്ങൾ നടത്തി. കഥാ കവിതാ മത്സരങ്ങളിൽ ധാരാളം കുട്ടികൾ പങ്കെടുത്തു. 'അതിജീവന പാഠങ്ങൾ' എന്ന വിഷയത്തിൽ നടത്തിയ കഥാ മത്സരത്തിൽ ബ്ര. അലൻ മാനുവൽ പിൻ ഹീറോ ഒന്നാം സ്ഥാനവും, അന്ന ഗ്ലിന്നസ് ജോർജ്ജ് രണ്ടാം സ്ഥാനവും നേടി. 'കൈരളി' എന്ന വിഷയത്തിൽ നടത്തിയ കവിതാമത്സരത്തിൽ റിഥിന വി.ആർ, ഇമ്മാനുവൽ ഡേവിഡ് എന്നിവർ യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കി.







നന്ദി
ലേഖ എൻ.കെ.
സെൻറ്. പോൾസ് കോളേജ്
കളമശ്ശേരി